# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1820 16.06.2014-ൽ മറുപടിയ്ക്ക്

**മണിചെയിൻ തട്ടിപ്പും വിസാ തട്ടിപ്പും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.വി.ചെന്താമരാക്ഷൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ മണിചെയിനുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ മണിചെയിനുമായി ബന്ധപ്പെട്ട് 1247 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | മണിചെയിനുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ തട്ടിപ്പ് നടന്നുവെന്നാണ് കണക്കാക്കിയിരിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | മണിചെയിനുമായി ബന്ധപ്പെട്ട് ഏകദേശം 96,45,70,116/- (തൊണ്ണൂറ്റിയാറ് കോടി നാൽപ്പത്തിയഞ്ച് ലക്ഷത്തി എഴുപതിനായിരത്തി ഒരു നൂറ്റി പതിനാറ്) രൂപയുടെ തട്ടിപ്പ് നടന്നുവെന്നാണ് കണക്കാക്കിയിരിക്കുന്നത്. |
| (സി) | പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് വിസ തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് വിസ തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് 560 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് 465 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്. |

സെക്ഷൻ ഓഫീസർ